(ഡി) ഈ കാലയളവിൽ നിർമ്മാണ പ്രവർത്തികൾക്ക് ശബരിമല യിലും പമ്പയിലും താഴെ പറയും പ്രകാരമാണ് ചെലവഴിച്ചത്.

1996-97 വർഷം 5 കോടി രൂപയും

1997-98 വർഷം 7 കോടി രൂപയും

1998-99 വർഷം 9 കോടി രൂപയും

(ഇ) നിയമസഭാ പരിസ്ഥിതി സമിതി റിപ്പോർട്ട് സർക്കാരിന്റെ പരി ശോധനയിലാണ്. ശബരിമലയിലെ പ്രധാനപ്പെട്ട മരാമത്ത് പണികളിലെല്ലാം തന്നെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ മുൻകൂട്ടിയുള്ള അനുമതി യോടു കൂടിയാണ് നടത്തി വരുന്നത്. ഇവ ലോക്കൽഫണ്ട് ഓഡിറ്റ് ഡിപ്പാർട്ടു മെന്റ് മുഖേനയുള്ള ഹൈക്കോടതിയുടെ ഓഡിറ്റിന് വിധേയവുമാണ് എന്ന് ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട്.

98 (1830) വാച്ച് വില്പന നടത്തിയതിലെ ക്രമക്കേട്

<u>ശ്രീ. വി. ബാലറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗ തവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വം 1999 വർഷത്തിൽ ഗുരുവായൂരപ്പന്റെ ചിത്രം ആലേഖനം ചെയ്ത വാച്ച് വില്പന നടത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ള എത്ര വാച്ചുകളാണ് വില്പനക്കായി വാങ്ങിയി ട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഇത് ഏത് കമ്പനിയിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്;

(ഡി) വാച്ച് വാങ്ങി വിൽക്കുന്നതിന് മുമ്പ് കമ്മീഷൻ സ്വീകരിക്കുക യുണ്ടായോ;

(ഇ) ഇതുവരെ എത്ര വാച്ചുകൾ വിൽപ്പന നടത്തി;

(എഫ്) വാച്ച് വിറ്റ ഇനത്തിൽ ദേവസ്വത്തിന് എത്ര രൂപ കമ്മീഷൻ ലഭിച്ചു;

(ജി) വിൽപ്പനയ്ക്കായി വാങ്ങിയ വാച്ചിൽ എത്ര എണ്ണം ബാക്കി ഉണ്ടെന്ന് അറിയിക്കുമോ;

(എച്ച്) ഈ വാച്ച് വിൽപ്പന സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചി ട്ടുണ്ടോ;

(ഐ) ഈ വാച്ചിന്റെ പ്രവർത്തനത്തിലും ഗുണമേന്മയിലും എന്തെ ങ്കിലും അപാകത ഉള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ജെ) എങ്കിൽ വാച്ച് നൽകിയ കമ്പനിക്കെതിരെ എന്തെങ്കിലും നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മൊത്തം 395 വാച്ചുകളാണ് വിൽപ്പനയ്ക്കായി ദേവസ്വത്തെ കമ്പനി ഏൽപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മെ:ലൂയിസ് ഡെമാർ വാച്ച്സ് (പ്രൈ) ലി.കമ്പനി, ബാംഗ്ലൂർ എന്ന കമ്പനിയിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്.

(ഡി) ഇപ്രകാരം വാച്ച് വിൽപ്പന നടത്തുവാൻ ദേവസ്വം മുന്നിട്ടിറങ്ങിയതല്ല. മറിച്ച് മെ:ലൂയിസ് ഡെമാർ വാച്ച്സ് (പ്രൈ)ലി. എന്ന സ്ഥാപനം സത്യസായി ഓർഗനൈസേഷൻ പുട്ടപർത്തി, ഇസ്കോൺ ക്ഷേത്രങ്ങൾ എന്നിവിടങ്ങളിലെല്ലാം ശിവൻ, സത്യസായിബാബ, മറ്റു ദേവീദേവന്മാർ എന്നീ ചിത്രങ്ങൾ ആലേഖനം ചെയ്ത ഡയലുകൾ സംവിധാനം ചെയ്ത് വാച്ചുകൾ വില്പനയ്ക്ക് നൽകിയിട്ടുണ്ടെന്നും അപ്രകാരംതന്നെ ശ്രീ. ഗുരുവായൂരപ്പന്റേയും രാധാ-കൃഷ്ണന്മാരുടേയും ചിത്രങ്ങൾ ആലേഖനം ചെയ്ത വാച്ചുകൾ ദേവസ്വത്തിനും കമ്മീഷൻ വ്യവസ്ഥ പ്രകാരം വിൽപ്പന നടത്തുവാൻ തയ്യാറാക്കിത്തരാമെന്നും ആയതിന് വിൽപ്പന നടത്തിയശേഷം വില നൽകിയാൽ മതിയെന്നും കമ്മീഷൻ തുക ദേവസ്വത്തിന് നിശ്ചയിക്കാമെന്നും ബോധിപ്പിച്ചുകൊണ്ട് ചില വാച്ചുകളുടെ സാമ്പിൾസഹിതം അപേക്ഷിച്ചിരുന്നു. ഈ അപേക്ഷ പരിഗണിച്ച് ഭക്തജനങ്ങൾക്ക് ആകർഷകമാകുമെന്നു കരുതി ദേവസ്വം ഭരണസമിതി കമ്മീഷൻ തുക നിശ്ചയിച്ചുകൊണ്ട് വാച്ച് വിൽപ്പന നടത്താൻ തീരുമാനിക്കുകയാണുണ്ടായത്. ആയതിനാൽ ഇതിന് കമ്മീഷൻ നടപടി ഉണ്ടായിട്ടില്ല.

(ഇ) ആകെ 277 വാച്ചുകൾ വിൽപ്പന നടത്തിയിട്ടുണ്ട്.

(എഫ്) 35,680/- രൂപ കമ്മീഷൻ ലഭിച്ചു.

(ജി) 118 എണ്ണം ബാക്കി ഉണ്ട്.

(എച്ച്)&(ഐ) ഉണ്ട്. ഈ വാച്ചിന്റെ പ്രവർത്തനത്തെക്കുറിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ജെ) വാച്ച് നൽകിയ കമ്പനിയുടെ "ടേംസ് ആന്റ് കണ്ടീഷനിൽ" കമ്പനി നൽകുന്ന വാച്ചുകൾ വിൽപ്പന നടത്തിയശേഷം മാത്രം ദേവസ്വത്തിന്റെ കമ്മീഷൻ കഴിച്ച് ബാക്കി വില വകയിൽ സംഖ്യ നൽകാമെന്നായിരുന്നു. മാത്രവുമല്ല കേടുവരുന്ന വാച്ചുകൾക്ക് ഉത്തരവാദിത്വം കമ്പനിതന്നെയാണെന്നതിനാൽ ഇപ്രകാരം കേടുവന്ന വാച്ചുകൾ മാറ്റി നൽകുകയും ചെയ്തിരുന്നു. ആയതിനാൽ കമ്പനിക്കെതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടി വന്നിട്ടില്ല.

99 (1831) എരവട്ടൂർ പള്ളിയറ ഭഗവതിക്ഷേത്രം

<u>ശ്രീമതി എൻ.കെ. രാധ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാംപ്ര നിയോജകമണ്ഡലത്തിലുള്ള എച്ച്.ആർ. ആന്റ് സി.ഇ.യുടെ ഭരണ നിയന്ത്രണത്തിലുള്ള എരവട്ടൂർ പള്ളിയറ ഭഗവതി ക്ഷേത്രത്തിലെ ട്രസ്റ്റിബോർഡിൽ അംഗമാകാൻ പി.എം. പത്മിനി എന്ന പട്ടികജാതിയിൽപ്പെട്ട സ്ത്രീയുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു;

(സി) ഈ നിവേദനം പരിഗണിക്കാതെ ട്രസ്റ്റിബോർഡിലേക്ക് മറ്റൊരാളെ നിയമിച്ചതായുള്ള പരാതി ഗവൺമെന്റിൽ ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly